മുദ്രകൾ

# വീണ്ടും വരുന്നു ഹിജാസ് റെയിൽവെ!




**ദമസ്കസിൽനിന്ന്** പുറപ്പെട്ട അവസാന തീവണ്ടി മദീനാ സ്റ്റേഷനിലെത്തിയത് 93 വർഷം മുമ്പാണ്. ഹിജാസ് റെയിൽവെ എന്നാണ് ചരിത്രത്തിൽ ഈ തീവണ്ടിപ്പാത അറിയപ്പെടുന്നത്. അന്ന് അറബ് ലോകം തുർക്കിയിലെ ഉസ്മാനി ഖിലാഫത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഉസ്മാനി തലസ്ഥാനത്തെ ഹിജാസ് മേഖലയുമായി ബന്ധിപ്പിച്ചിരുന്ന രക്തധമനിയായിരുന്നു ഹിജാസ് റെയിൽപ്പാത. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഒന്നാം ലോകയുദ്ധവേളയിൽ വളരെ തന്ത്രപൂർവം ബ്രിട്ടീഷുകാർ ഈ റെയിൽപ്പാത തകർക്കുകയായിരുന്നു.

ഈ റെയിൽപ്പാത പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം വീണ്ടും ഊർജിതമായിരിക്കുകയാണ്. നേതൃത്വം കൊടുക്കുന്നത് ഉർദുഗാന്റെ തുർക്കി. അമേരിക്കൻ -തുർക്കി ബിസിനസ് പ്രമുഖർക്ക് ഇസ്തംബൂളിൽ നൽകിയ ഇഫ്ത്വാർ വരുന്നിൽ തുർക്കി ഗതാഗതവകുപ്പ് ഉപമന്ത്രിയാണ് ഇത് പ്രഖ്യാപിച്ചത്. "ഹിജാസ് റെയിൽപ്പാതയുടെ പ്രാരംഭ നടപടികൾ അതിവേഗം നടന്നുവരുന്നു. പാത കടന്നുപോകുന്ന രാഷ്ട്രങ്ങൾ സഹകരിക്കാമെന്ന് ഏറ്റിട്ടുണ്ട്"- അദ്ദേഹം പറഞ്ഞു.

നൂറ്റാണ്ടിന്റെ പദ്ധതി, സാഹോദര്യത്തിന്റെ പാലം എന്നൊക്കെയാണ് തുർക്കി മീഡിയ സംരംഭത്തെ വിശേഷിപ്പിച്ചത്. ഇസ്തംബൂളിൽനിന്ന് തുടങ്ങി സിറിയ, ജോർദാൻ പ്രദേശങ്ങളിലൂടെ കടന്ന് മദീനാ മുനവ്വറയിൽ അവസാനിക്കുന്നതാണ് നിർദിഷ്ട പദ്ധതി. ഏകദേശം മൂവായിരം കിലോമീറ്റർ. റെയിൽ നിലവിൽ വന്നാൽ 24 മണിക്കൂർ കൊണ്ട് ഇസ്തംബൂളിൽനിന്ന് മദീനയിലെത്താം.

പഴയ ഹിജാസ് റെയിൽവെ ദമസ്കസ് മുതൽ മദീന വരെയായിരുന്നു. സുൽത്താൻ അബ്ദുൽ ഹമീദ് രണ്ടാമന്റെ ഭരണകാലത്ത് 1900-ലാണ് ഇതിന്റെ പണി ആരംഭിച്ചത്. ഭാരിച്ച ചെലവ് വരുന്ന പദ്ധതി മുസ്‌ലിം ജനസാമാന്യവും ഭരണകർത്താക്കളും ഒന്നിച്ച് ഏറ്റെടുക്കുകയായിരുന്നു. അബ്ദുൽ ഹമീദ് രണ്ടാമന് പുറമെ ഈജിപ്തിലെ അബ്ബാസ് ഹിൽമി രണ്ടാമനും ഇറാനിലെ ഷായും ഉദാരമായി സംഭാവന നൽകി. റെയിൽവെക്ക് വേണ്ടി അക്വയർ ചെയ്ത കൃഷിഭൂമിയുടെ നഷ്ടപരിഹാരം വാങ്ങാൻ കർഷകർ വിസമ്മതിച്ചുവത്രെ. ഒരു പ്രതിഫലവും വാങ്ങാതെ നിർമാണ ജോലികൾ സൈനികർ ഏറ്റെടുത്തു. സമുദായത്തിന്റെ പ്രോജക്ട് (മശ്റൂഉൽ ഉമ്മ) എന്നാണ് ഇത് അറിയപ്പെട്ടത്.

"റെയിൽപ്പാത മദീനയിൽ നിർത്താൻ ഉദ്ദേശിച്ചിരുന്നില്ല. മദീനയിൽനിന്ന് മക്കയിലേക്കും മക്കയിൽനിന്ന് യമനിലേക്കും അത് നീട്ടാൻ പദ്ധതിയുണ്ടായിരുന്നു. ഹാജിമാരുടെ സുഗമമായ യാത്ര, ചരക്കുകളുടെയും ആയുധങ്ങളുടെയും കടത്ത് എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഈ സ്വപ്ന പ്രോജക്ടാണ് ലോറൻസ് ഓഫ് അറേബ്യ എന്ന പേരിൽ അറിയപ്പെട്ട ബ്രിട്ടീഷ് ചാരൻ ഒന്നാം ലോകയുദ്ധത്തിന്റെ മറവിൽ തകർത്തു കളഞ്ഞത്" - സുഊദി പുരാവസ്തു ഗവേഷകനായ ഡോ. സഅ്ദുർറാഷിദ് പറഞ്ഞു.

1955-ലും 1966-ലും 1978-ലും റെയിൽപ്പാത പുനർനിർമിക്കാൻ ആലോചിച്ചിരുന്നെങ്കിലും ഒന്നും നടക്കുകയുണ്ടായില്ല. കഴിഞ്ഞ വർഷമാണ് തുർക്കി ഈ സംരംഭം ഏറ്റെടുത്തത്. ഇതിനകം ഏറക്കുറെ ഒരു രൂപരേഖയും അവർ തയാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സറാസി-ഖൂനിയ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഒരു അതിവേഗ റെയിൽപ്പാതയുടെ പണി തുർക്കിയിൽ ആരംഭിച്ചിട്ടുണ്ട്. 2010-ൽ സിറിയയും ജോർദാനും അവരുടെ പ്രദേശങ്ങളിൽ പണി ആരംഭിക്കും. 2012-ലാണ് സുഊദിയിൽ റെയിൽവെ പണികൾ ആരംഭിക്കുക. ■

## വൃത്തിയുള്ള വെബ് പേജിന് ImHalal

**ഇന്റർനെറ്റ്** സന്ദർശകരുടെ ഒരു ചിരകാലാഭിലാഷമാണ് 'വൃത്തിയുള്ള വെബ് പേജ്'. എത്ര സാത്വികമായ വാക്ക് അടിച്ചുകൊടുത്താലും സ്ക്രീനിൽ തെളിയുന്ന ഇമേജുകളിൽ പലതും 'പോർണോ' ആയിരിക്കും. വിഷയവുമായി ബന്ധപ്പെട്ടത് മാത്രം വരുത്താനുള്ള അരിപ്പ സംവിധാനം ഒരു സെർച്ച് എഞ്ചിനും (മനഃപൂർവം) ഇതുവരെ സജ്ജീകരിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കുന്ന പുതിയ സെർച്ച് എഞ്ചിനാണ് Im Halal. ഇന്റർനെറ്റ് ഉള്ളടക്കത്തെ ഫിൽറ്റർ ചെയ്ത് മാത്രമേ അത് പുറത്ത് വിടൂ. വൃത്തികെട്ട ചിത്രങ്ങൾ കടന്നുവരുമെന്ന പേടി വേണ്ട. അശ്ലീല ഉള്ളടക്കങ്ങളാണ് സന്ദർശകർ ആവശ്യപ്പെടുന്നതെങ്കിൽ 'haram' എന്നോ 'unislamic' എന്നോ എഴുതിക്കാണിച്ച് സെർച്ച് എഞ്ചിൻ സഹകരിക്കാൻ വിസമ്മതിക്കും.

ആദ്യത്തെ ഈ ഇസ്‌ലാമിക് സെർച്ച് എഞ്ചിൻ ഇംഗ്ലീഷ്, അറബി, പാർസി, ചൈനീസ് ഉൾപ്പെടെ പതിനഞ്ച് ഭാഷകളിൽ ലഭ്യമാണ്. സെർച്ച് എഞ്ചിൻ അതിന്റെ പ്രാരംഭഘട്ടത്തിലാണ്. പോരായ്മകളുണ്ട്. ഗൂഗിൾ, യാഹൂ പോലുള്ള വമ്പൻ സ്രാവുകളോട് കിടപിടിക്കാനുള്ള കോപ്പുകളൊന്നും ഇപ്പോൾ അതിന് ഇല്ല. പക്ഷേ വൻ സ്വീകാര്യതയാണ് അത് നേടിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് മുസ്‌ലിം നാടുകളിൽ. "തീർച്ചയായും ഇത് മഹത്തരം തന്നെ. എനിക്കും അമ്മക്കും ഇനി നെറ്റന്വേഷണം നടത്തുമ്പോൾ വൃത്തികെട്ട ചിത്രങ്ങൾ കാണാതെ കഴിക്കാമല്ലോ"- ഈജിപ്തിലെ കോപ്റ്റിക് ക്രിസ്ത്യൻ വംശജയായ മർയം റഫാത്ത് പറഞ്ഞു. നെതർലന്റിൽ വിദ്യാർഥിയായ ഇറാനിയൻ വംശജൻ റിസ സർദേഹ എന്ന ഇരുപതുകാരനാണ് 'അയാം ഹലാലി'ന്റെ സ്ഥാപകൻ. ■

മുദ്രകൾ

# ടൊറണ്ടോ ഫിലിം മേളയും ഈജിപ്തിന്റെ പരവതാനി വിരിക്കലും

**രണ്ട്** വിദേശകാര്യമന്ത്രിമാർ ഈയിടെയാണ് ഇസ്രയേൽ സന്ദർശനം വേണ്ടെന്ന് വെച്ചത്. അവരിലൊരാൾ തുർക്കി വിദേശകാര്യമന്ത്രിയാണ്. ഇസ്രയേൽ സന്ദർശനത്തോടൊപ്പം ഗസ്സ സന്ദർശിക്കാനും തന്നെ അനുവദിക്കണമെന്ന ആവശ്യം ഇസ്രയേൽ നിരാകരിച്ചതിനെ തുടർന്നാണ് അദ്ദേഹം പിൻവാങ്ങിയത്. സ്വിസ് വിദേശകാര്യമന്ത്രിയാണ് മറ്റേയാൾ. മനുഷ്യാവയവങ്ങൾ കള്ളക്കടത്ത് നടത്തുന്ന റാക്കറ്റിൽ ഇസ്രയേൽ സൈന്യത്തിലെ ചിലർ കണ്ണിചേർന്നിട്ടുണ്ടെന്ന് ഒരു സ്വിസ് പത്രം ഈയിടെ റിപ്പോർട്ട് ചെയ്തിരുന്നു. ഫലസ്ത്വീനികളുടെ ശരീരത്തിൽനിന്നെടുക്കുന്ന അവയവങ്ങളാണ് കടത്തുന്നതെന്നും വെളിപ്പെടുത്തിയിരുന്നു. ഈ വാർത്ത പുറത്തുവിട്ടതിന്റെ പേരിൽ സ്വിറ്റ്സർലന്റിനെ അതിരൂക്ഷമായി ഇസ്രയേൽ ശകാരിച്ചിരുന്നു. അതിൽ മനംമടുത്താണ് സ്വിസ് മന്ത്രി യാത്ര റദ്ദാക്കിയത്.

ഇസ്രയേലിലെ ബെൻഗൂറിയൻ സർവകലാശാലയിലെ രാഷ്ട്രമീമാംസാ പ്രഫസറും Israel's Occupation എന്ന കൃതിയുടെ കർത്താവുമായ നീവ് ഗോർഡൻ കഴിഞ്ഞ ആഗസ്റ്റ് 20-ന് *ലോസ് ഏഞ്ചൽസ് ടൈംസിൽ* ഒരു ലേഖനമെഴുതിയിരുന്നു. 'ഇസ്രയേലിനെ ബഹിഷ്കരിക്കുക' എന്നാണ് ലേഖനത്തിന്റെ തലക്കെട്ടുതന്നെ. തനി വർണവെറിയൻ ഭരണകൂടമാണ് ഇസ്രയേലിലേതെന്ന് അദ്ദേഹം തുറന്ന് എഴുതുന്നു. ഇതോടൊപ്പം ചേർത്തു വെക്കേണ്ടതാണ് സെപ്റ്റംബർ പത്തിന് ആരംഭിച്ച ടൊറണ്ടോ ഫിലിം ഫെസ്റ്റിവലിനെതിരെ സിനിമാ സംവിധായകരും നിർമാതാക്കളും അഭിനേതാക്കളുമടങ്ങുന്ന അമ്പതോളം പേർ പ്രതിഷേധിച്ച സംഭവം. ഇസ്രയേൽ തലസ്ഥാനമായ തെൽഅവീവിനെ മഹത്വവത്കരിക്കുന്ന സിനിമകൾ പ്രദർശിപ്പിക്കാൻ തെരഞ്ഞെടുത്തതാണ് അവരെ പ്രകോപിപ്പിച്ചത്. ഒരു ഫിലിം മേളയെ ഇസ്രയേലിന്റെ പ്രചാരണായുധമാക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് അവർ പറഞ്ഞു.



■ ജോൺ ഗ്രെയ്സൺ

“തെൽഅവീവ്, ജാഫ്ഫ പോലുള്ള നഗരങ്ങളിൽനിന്ന് നിരവധി തദ്ദേശീയർ പുറത്താക്കപ്പെട്ടിട്ടുണ്ട്. അവർ അഭയാർഥി ക്യാമ്പുകളിൽ നരകിക്കുന്നു. ഈ വസ്തുത മറച്ചുപിടിക്കുന്നതാണ് ഇത്തരം പ്രോപഗണ്ടാ സിനിമകൾ” – സിനിമാ പ്രവർത്തകർ പ്രസിദ്ധീകരണത്തിന് നൽകിയ കത്തിൽ പറയുന്നു. പ്രതിഷേധ സൂചകമായി പ്രശസ്ത ഡോക്യുമെന്ററി സംവിധായകനായ ജോൺ ഗ്രെയ്സൺ തന്റെ Covered എന്ന ഡോക്യുമെന്ററി മേളയിൽ നിന്ന് പിൻവലിക്കുകയും ചെയ്തു.

ഇതേസമയം ഇസ്രയേൽ പ്രധാനമന്ത്രി ബിൻയാമിൻ നെതന്യാഹുവിനെ സ്വീകരിക്കാൻ പരവതാനി വിരിക്കുകയായിരുന്നു ഈജിപ്തിലെ ഹുസ്നി മുബാറക് ഭരണകൂടം. ഫലസ്ത്വീനികളുമായി സമാധാന ചർച്ചകളേ ഇല്ല എന്ന നിലപാടാണ് നെതന്യാഹുവിന്റേത്. അതൊന്നും മുബാറകിനെന്നല്ല, അറബ് ലോകത്തെ ഒരു ഭരണാധികാരിക്കും പ്രശ്നമേയല്ല. ■

## ഇമാം ഹനിയ്യയുടെ തറാവീഹ്



**ഇമാം** ഹനിയ്യ മറ്റാരുമല്ല, ഗസ്സയിലെ ഹമാസ് പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യ തന്നെ. രാഷ്ട്രീയത്തിലെ ഈ ജനകീയ നേതാവ് തറാവീഹ് നമസ്കാരം പോലുള്ള ആധ്യാത്മിക കാര്യങ്ങളിലും ഒന്നാമനാണ്. റമദാൻ ആഗതമായാൽ ഗസ്സയിലെ ചെറുപ്പക്കാർ ഹനിയ്യ തറാവീഹ് നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്ന പള്ളി ഏതെന്ന് തെരഞ്ഞ് നടക്കും. സുരക്ഷാ കാരണങ്ങളാൽ, ഹനിയ്യ ഏത് പള്ളിയിലായിരിക്കും വരിക എന്ന് നേരത്തേ അറിയിപ്പുണ്ടാവില്ല. ഹനിയ്യയുടെ ശ്രുതിമധുരമായ ഖുർആൻ പാരായണം, ഉപദേശങ്ങളും രാഷ്ട്രീയ നിലപാടുകളും ഇടകലർത്തിയുള്ള പ്രഭാഷണങ്ങൾ, ഖുനൂത്തിൽ ഉപരോധിത ജനതക്ക് വേണ്ടിയുള്ള കരളലിയിക്കുന്ന പ്രാർഥനകൾ ഇതിലൊക്കെ പങ്കു ചേരാനാണ് ജനം തടിച്ചുകൂടുന്നത്.

ഈയടുത്താണ് ഹനിയ്യ തന്റെ ഗുരുവിൽനിന്ന് ഖുർആൻ പാരായണത്തിനുള്ള സനദ് ഏറ്റുവാങ്ങിയത്. തന്റെ ജീവിതത്തിലെ ധന്യ നിമിഷം എന്നാണ് അതിനെ ഹനിയ്യ വിശേഷിപ്പിച്ചത്. വെള്ളിയാഴ്ച ഖുത്ബ നടത്തുകയും നമസ്കാരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന ഹനിയ്യ ആദ്യകാല ഇസ്ലാമിക ഭരണകർത്താക്കളെ അനുസ്മരിപ്പിക്കുന്നു. ഇതുപോലെ മറ്റൊരു ഭരണാധികാരി മുസ്ലിം ലോകത്ത് ഇല്ല എന്നതാണ് വാസ്തവം. തറാവീഹിൽ ഹനിയ്യ നടത്തുന്ന പ്രാർഥനകളുടെ വീഡിയോ നെറ്റിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. ■